# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7988 16.07.2014-ൽ മറുപടിക്ക്

### നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വി. ശ്രേയാംസ് കുമാർ :<br>ശ്രീ.റോഷി അഗസ്റ്റിൻ :<br>ശ്രീ.പി.സി.ജോർജ്ജ് :<br>ഡോ. എൻ. ജയരാജ് : | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മിതി കേന്ദ്രത്തിന്റെ ആകെ ആസ്തി കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കേരളത്തിൽ 20.86 ഏക്കർ സ്ഥലമുണ്ട്. ഇത് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഉപയോഗത്തിന് സർക്കാർ നൽകിയതാണ്. ആയതിന് ഏകദേശം 20 കോടിയും, ഇതിൽ കെസ്റ്റിക് നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഏകദേശം 3 കോടിയും വാഹനങ്ങൾക്ക് 15 ലക്ഷവും, മെഷീനുകൾക്ക് 1 കോടിയും സ്ഥാവര ജംഗമ വസ്തുക്കൾക്ക് ഏകദേശം 55 ലക്ഷം രൂപയും വില കണക്കാക്കുന്നു. |
| (ബി) പ്രസ്തുത സ്ഥാപനം അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് അനുസൃതമായ പ്രവർത്തന ശൈലിയാണോ പിൻതുടരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ചെലവ് കുറഞ്ഞതും പ്രകൃതിയ്ക്ക് ഇണങ്ങിയതുമായ ഗുണമേന്മയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് |

ഇതിന്റെ ഉദ്ദേശ ലക്ഷ്യം. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

1. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകളിൽ ജനങ്ങൾക്ക് അവബോധം നൽകുക.

2. ആവശ്യക്കാർക്ക് ചെലവ് കുറഞ്ഞ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.

3. കെട്ടിട നിർമ്മാണ ന്യായവില വിപണനകേന്ദ്രം (കലവറ) വഴി ബി.പി.എൽ ഗുണഭോക്താക്കൾക്ക് 15% സൗജന്യ നിരക്കിൽ സിമന്റ്, കമ്പി എന്നിവ നൽകുക.

4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പരിശോധനശാലകൾ നടത്തുക.

5. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനശാലകൾ വഴി ഗുണമേന്മയുള്ള ഹോളോബ്രിക്സ്, ജനൽ, വാതിൽ കട്ടിളകൾ എന്നിവ നൽകുക

6. തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുക.

7. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനു കീഴിലുള്ള ലാറി ബേക്കർ ഇന്റർ നാഷണൽ ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനം വഴി

എഞ്ചിനീയർമാർക്ക് കൺസ്ട്രക്ഷൻ മാനേജ് മെന്റിൽ പരിശീലനം നൽകുക.

8. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതു ജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകുക.

(സി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നിലവിൽ എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) നിലവിൽ ഓരോ വർഷവും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി കലവറ, പ്രൊഡക്ഷൻ സെന്റർ തുടങ്ങിയ, ജനങ്ങൾക്ക് ആവശ്യമായ എല്ലാ പദ്ധതികളും പുതുതായി ആരംഭിക്കുകയും നിലവിലുള്ളവ പുനരുദ്ധരിക്കുകയും ചെയ്തു വരുന്നു. പുതിയ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് തുടങ്ങി• അതോടൊപ്പം ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാഴമുട്ടത്ത് 6.95 ഏക്കർ സ്ഥലത്ത് ഗവേഷണ സ്ഥാപനം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) നിലവിൽ നിർമ്മിതി കേന്ദ്രം ഏറ്റെടുത്തു നടത്തുന്ന പ്രധാന പ്രോജക്ടുകളുടെ വിശദാംശങ്ങൾ നൽകുമോ ;

(ഡി) 73 കോടി രൂപയുടെ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. സർക്കാരിന്റെ വിവിധ ഡിപ്പാർട്ട്മെന്റുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ; തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കേന്ദ്ര ഗവൺമെന്റ്, സ്വകാര്യ വ്യക്തികൾ

എന്നിവയുടേതാണ് ഈ പ്രോജക്ടുകൾ. 1 കോടി രൂപയ്ക്കുമേലുള്ള ചില പ്രധാനപ്പെട്ട പ്രോജക്ടുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഇ) സർക്കാർ മേഖലയിലെ നിർമ്മാണ പ്രവൃത്തികളുടെ ഒരു നിശ്ചിത ശതമാനം സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് ലഭിക്കത്തക്കവിധം ഇതര വകുപ്പുകളുടെ സഹകരണം ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ?

(ഇ) സർക്കാർ മേഖലയിലെ നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിനെയല്ലാതെ മറ്റ് ഏജൻസികളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.

അനുബന്ധം

**1 കോടി രൂപയ്ക്കുമേലുള്ള പ്രധാനപ്പെട്ട പ്രോജക്ടുകൾ താഴെപ്പറയുന്നു.**

1. തിരുവനന്തപുരം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ സി ബ്ലോക്ക് നിർമ്മാണം, പാളയം, തിരുവനന്തപുരം - 1 കോടി 71 ലക്ഷം
2. സീഡ് ഗോഡൗൺ, പാലക്കാട് - 1 കോടി 54 ലക്ഷം
3. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, കൊല്ലം - 4 കോടി 54 ലക്ഷം
4. ആക്കുളം പാർക്ക് റിനോവേഷൻ - 2 കോടി
5. ജയിൽ ഡിപ്പാർട്ട്മെന്റിന്റെ എൽ.എസ്.ക്യൂ & യു.എസ്.ക്യൂ, തിരുവനന്തപുരം - 4 കോടി 80 ലക്ഷം
6. വിവിധ ജില്ലകളിൽ എസ്.സി.ഡി.ഡിപ്പാർട്ട്മെന്റിന്റെ സ്വയം പര്യാപ്ത ഗ്രാമം - 8 കോടി
7. കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ ആഫീസ് ബിൽഡിംഗ് നിർമ്മാണം, എറണാകുളം - 3 കോടി 41 ലക്ഷം രൂപ
8. തോഡി വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ തൊടുപുഴ, കോഴിക്കോട്, കോട്ടയം ആഫീസ് നിർമ്മാണം - 2 കോടി 10 ലക്ഷം രൂപ
9. എം.ജി യൂണിവേഴ്സിറ്റിക്ക് പെഡഗോജിക്കൽ സയൻസിന്റെ ബിൽഡിംഗ് നിർമ്മാണം, കോട്ടയം - 2 കോടി 32 ലക്ഷം രൂപ
10. സ്ലാട്ടർ ഹൗസ്, കുമിളി - 1 കോടി 90 ലക്ഷം രൂപ
11. ജില്ല ആർവേദ ആശുപത്രിയുടെ നിർമ്മാണം , ഇടുക്കി - 1 കോടി
12. ഓപ്പറേഷൻ തീയറ്റർ, ജില്ലാ ആശുപത്രി, ഇടുക്കി - 1 കോടി 76 ലക്ഷം
13. ഫാക്ടറീസ് & ബോയിലേഴ്സിനു വേണ്ടിയുള്ള ആക്കുപേഷണൽ ഹെൽത്ത് & റിസർച്ച് സെന്റർ കൊല്ലം - 2 കോടി 60 ലക്ഷം
14. മിനി ഇൻഡസ്ട്രിയൽ യൂണിറ്റ്സ്, കോഴിക്കോട് - 1 കോടി 50 ലക്ഷം
15. അട്ടപ്പാടി പാക്കേജ്, എൻ.ആർ.എച്ച്.എം, പാലക്കാട് - 1 കോടി 90 ലക്ഷം
16. ഡെവലപ്പ്മെന്റ് ഓഫ് വേ സൈഡ് അമിനിറ്റി സെന്റർ, കല്ലാർ - 1 കോടി 18 ലക്ഷം
17. ആക്കുളത്ത് പാർക്ക് - 1 കോടി 21 ലക്ഷം
18. ഇരിങ്ങാലക്കുടി മുനിസിപ്പാലിറ്റിക്കു വേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണം - 2 കോടി 65 ലക്ഷം

Section officer